**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **11-06-2024 - ൽ മറുപടിയ്ക്ക്**

**ലോജിസ്റ്റിക്സ് ഈസ് എക്രോസ് ഡിഫറന്റ് സ്റ്റേറ്റ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ ലോജിസ്റ്റിക്സ് ഈസ് എക്രോസ് ഡിഫറന്റ് സ്റ്റേറ്റ്സ് (ലീഡ്സ്) അസ്സസ്മെന്റ് പ്രകാരം സംസ്ഥാനത്തെ ലോജിസ്റ്റിക് മേഖലയ്ക്ക് ഫാസ്റ്റ് മൂവർ കാറ്റഗറിയിൽ സ്ഥാനം ലഭ്യമായിട്ടുണ്ടോ; ഈ മേഖലയുടെ പുരോഗതിക്കായി സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ലോജിസ്റ്റിക്സ് ഈസ് എക്രോസ് ഡിഫറന്റ് സ്റ്റേറ്റ്സ് (ലീഡ്സ്) അസസ്മെന്റ് പ്രകാരം തീരദേശ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ കേരളത്തിന് "ഫാസ്റ്റ്" മൂവർ സ്ഥാനം ലഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ലോജിസ്റ്റിക് സാഹചര്യം മെച്ചപ്പെടുത്തുന്നതിനും, കൂടുതൽ വെയർഹൗസുകളും ലോജിസ്റ്റിക് സേവനങ്ങളും സുഗമമാക്കുന്നതിനുമായി ഒരു "ലോജിസ്റ്റിക് പാർക്ക് നയം" (Kerala Logistics Park Policy. 2024) സർക്കാരിന്റെ പരിഗണനയിലാണ്.<br><br>മെച്ചപ്പെട്ട ഗതാഗതമാർഗങ്ങളുടെ ലഭ്യത, വെയർഹൗസുകൾ, ലോജിസ്റ്റിക്സ് ഹബ്ബുകൾ, ലോജിസ്റ്റിക് സേവനങ്ങളുടെ അനായാസത, വൈദഗ്ധ്യമുള്ള മനുഷ്യശക്തിയുടെ ലഭ്യത എന്നിവ മൊത്തത്തിലുള്ള ലോജിസ്റ്റിക് കാര്യക്ഷമതയെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. കരട് ലോജിസ്റ്റിക് പാർക്ക് നയത്തിൽ, ലോജിസ്റ്റിക് പാർക്കുകൾ/ മിനി ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനങ്ങൾ നൽകുന്നതിനും, അവയെ വിജ്ഞാപനം ചെയ്ത് ഇൻഡസ്ട്രിയൽ പാർക്കുകളുടെ പദവി നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലൂടെ ലോജിസ്റ്റിക് പാർക്കുകളിൽ ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കാൻ സാധിക്കും. 2023-ൽ പ്രസിദ്ധീകരിച്ച സംസ്ഥാനത്തെ പുതിയ വ്യവസായ നയത്തിൽ 22 മുൻഗണന നയങ്ങൾ പ്രഖ്യാപിച്ചതിൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള ഒരു പ്രധാന മേഖലയായി ലോജിസ്റ്റിക്സിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായ നയത്തിൽ പറഞ്ഞിട്ടുള്ള 18 |

| | | | |
|---|---|---|---|
| | | | ഇൻസെന്റീവുകൾ ലോജിസ്റ്റിക്സ് പാർക്കുകളുടെ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ മേഖലകളിലെ നേട്ടങ്ങളെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തിന് അച്ചീവർ സ്ഥാനം നേടാനായിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | ടെർമിനൽ ഇൻഫ്രാസ്ട്രക്ചർ, മോഡൽ ലോജിസ്റ്റിക് സേവനങ്ങൾ, ടെർമിനലുകളിലെ സേവനങ്ങളുടെ ഗുണനിലവാരം, സമയബന്ധിതമായ ഗതാഗത സേവനങ്ങൾ, ചരക്കുകളുടെ സുരക്ഷ, ചരക്ക് ട്രാക്ക് ചെയ്യാനും കണ്ടെത്താനുമുള്ള സൗകര്യം, പരാതി പരിഹാര സംവിധാനം, പ്രവേശനം എളുപ്പമാക്കൽ എന്നീ മേഖലകളിലെ നേട്ടങ്ങളെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തിന് 'അച്ചീവർ' സ്ഥാനം ലഭിച്ചത്. |
| (സി) | ലോജിസ്റ്റിക്സ് പാർക്കുകളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് കരട് നയം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ ലോജിസ്റ്റിക് സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ വെയർഹൗസുകളും ലോജിസ്റ്റിക് സേവനങ്ങളും സുഗമമാക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് ഒരു കരട് ലോജിസ്റ്റിക് പാർക്ക് നയം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നയം പരസ്യപ്പെടുത്തുകയും ബന്ധപ്പെട്ടവരിൽ നിന്ന് നിർദ്ദേശങ്ങൾ ക്ഷണിക്കുകയും, ലഭിച്ച സാധുവായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കരട് "ലോജിസ്റ്റിക് പാർക്ക് നയം" (Kerala Logistics Park Policy. 2024) സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ